# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3939 24/06/2014-ൽ മറുപടിക്ക്

## ആദിവാസി പുനരധിവാസ മിഷന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ :<br>ശ്രീ. എസ്. രാജേന്ദ്രൻ :<br>ശ്രീ. ബി.ഡി. ദേവസ്സി :<br>ശ്രീ. കെ.വി. വിജയദാസ് : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | ആദിവാസി പുനരധിവാസ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | എ) | വിലയിരുത്തിയിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള എംപവേർഡ് മിഷൻ കമ്മിറ്റി നിശ്ചിത കാലയളവിൽ യോഗം ചേർന്ന് സംസ്ഥാന ട്രൈബൽ മിഷൻ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. മുൻ വർഷത്തിൽ 01.03.2013 ലും, ഈ വർഷത്തിൽ 16.01.2014 ലും സംസ്ഥാന എംപവേർഡ് മിഷൻ കമ്മിറ്റി യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. കൂടാതെ മിഷൻ ചീഫ് (പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്) ടി.ആർ.ഡി.എം. ന്റെ അവലോകന യോഗം നടത്താറുണ്ട്. എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനും, ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ കൺവീനറുമായ ജില്ലാ ആദിവാസി പുനരധിവാസ വികസന മിഷനുകൾ നിശ്ചിത കാലയളവിനുള്ളിൽ യോഗം ചേർന്ന് ജില്ലകളിലെ ട്രൈബൽ മിഷൻ പ്രവർത്തനങ്ങൾ വിലയിരുത്താറുമുണ്ട്. |
| ബി) | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിലെ വീഴ്ചകൾ പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; ഭൂമി നൽകുമ്പോൾ ആദിവാസികൾ വംശീയമായും സാംസ്കാരികമായും ശിഥിലീകരിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | ഇനിയും ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് ത്വരിതഗതിയിൽ നടപടികൾ സ്വീകരിച്ച് വരികയാണ്. പട്ടികവർഗ്ഗക്കാരുടെ വംശീയ-സാംസ്കാരിക തനിമകൾ നഷ്ടപ്പെടാതെ തന്നെ യുള്ള പുനരധിവാസമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സാധ്യമായ സ്ഥലങ്ങളിൽ ഓരോ വിഭാഗത്തിനും പ്രത്യേക ബ്ലോക്കുകളിലായി ഭൂമി നൽകുന്നതിന് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി | ആദിവാസികളുടെ ജീവിത ശൈലിയുടെ ഭാഗമായ പല ആചാരങ്ങളും തൊഴിലും അസാദ്ധ്യമാകുന്ന തരത്തിലാണ് ഇപ്പോൾ ഭൂമി ലഭ്യമാകുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ പ്രഖ്യാപിക്കുന്ന നിർദ്ദേശങ്ങളിൽ അപാകതകൾ ഉണ്ടെങ്കിൽ ആയത് തിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | സി | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കാര്യങ്ങളിൽ പട്ടികവർഗ്ഗക്കാർക്ക് ഗുണകരമല്ലാത്ത നിർദ്ദേശങ്ങളോ, നടപടികളോ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് തിരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി | ഭൂരഹിതരായ എല്ലാ ആദിവാസികൾക്കും നിയമാനുസൃതമായ ഭൂമി എന്നത്തോടെ നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ; അവശേഷിക്കുന്ന ഭൂരഹിത ആദിവാസികൾ എത്രയാണെന്നും അവരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ ഭൂമി എത്രയാണെന്നും ഇതിനായി ഇതിനകം എത്ര ഭൂമി കണ്ടെത്തിയിട്ടുണ്ടെന്നുമുള്ള കണക്കുകൾ ലഭ്യമാണോ; വിശദമാക്കുമോ? | ഡി | 2010-11 ൽ പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച കണക്ക് പ്രകാരം ഭൂരഹിതരായ 10517 ആദിവാസി കുടുംബങ്ങളാണ് ഉള്ളത്. അതിനുശേഷം 777 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് (എം.എസ്) നം. 68/13/പജപവവിവ തീയതി 03.09.2013. സ.ഉ. (എം.എസ്) നം. 84/13/പജപവവിവ തീയതി 23.10.2013 എന്നിവ പ്രകാരം പരമാവധി 10 ലക്ഷം രൂപ നൽകി 25 സെന്റ് മുതൽ പരമാവധി ഒരേക്കർ വരെ ഭൂമി വാങ്ങി നൽകുന്ന പദ്ധതിയനുസരിച്ച് ഇതുവരെ 72 കുടുംബങ്ങൾക്ക് 25.5 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ അന്യാധീനപ്പെട്ട ഭൂമിക്ക് പകരം ഭൂമി നൽകുന്ന നിയമം (KST Act) അനുസരിച്ച് പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് തത്തയംഗലം വില്ലേജിൽ 120 ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് (അട്ടപ്പാടിയിലെ) ഒരോ ഏക്കർ ഭൂമി വീതം വിതരണം ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ ഭൂരഹിത കേരളം പദ്ധതിയനുസരിച്ച് സംസ്ഥാനത്തെ 9 ജില്ലകളിലായി 450 പേർക്ക് 3 സെന്റ് വീതവും ഭൂമി അനുവദിച്ചിട്ടുണ്ട്. ഇനിയും 9098 കുടുംബങ്ങൾ ഭൂരഹിതരായി അവശേഷിക്കുന്നു. അവശേഷിക്കുന്ന ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് ഭൂമിയുടെ ലഭ്യതക്കുറവ് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ